**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 995** **09-10-2024 - ൽ മറുപടിയ്ക്ക്**

**മങ്കടവലിയ തോടിൽ തടയണയുടെ ഫൈബർ ഷട്ടറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിലെ മങ്കട വലിയ തോടിൽ നിർമ്മിച്ചിട്ടുള്ള അരുതിരിത്തി തടയണയുടെ ഷട്ടറുകളും കുട്ടപ്പാല വി.സി.ബി.യുടെ മരഷട്ടറുകളും കാലപ്പഴക്കത്താൽ ശോചനീയാവസ്ഥയിലായതിനാൽ ഫൈബർ ഷട്ടറുകൾ സ്ഥാപിക്കുന്നതിനും നിലവിലെ കരിങ്കൽ പാർശ്വഭിത്തി പൊളിച്ചുമാറ്റി കോൺക്രീറ്റ് പാർശ്വഭിത്തി നിർമ്മിയ്ക്കുന്നതിനുമുള്ള പ്രവൃത്തിയ്ക്ക് ഈ സാമ്പത്തിക വർഷം ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | മങ്കട മണ്ഡലത്തിലെ മങ്കട വലിയതോടിൽ നിർമ്മിച്ചിട്ടുള്ള അരുതിരിത്തി തടയണയുടെ ഷട്ടറുകളും കുട്ടപ്പാല വി.സിബി യുടെ മരഷട്ടറുകളും റിപ്പയർ ചെയ്യുന്നതിനും തോടിന്റെ പാർശ്വഭിത്തി നിർമ്മിക്കുന്നതിനുമുള്ള 12 ലക്ഷം രൂപ തുക വരുന്ന പ്രവൃത്തിയ്ക്ക് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട പ്രസ്തുത പ്രവൃത്തി, വകുപ്പിന്റെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി കഴിഞ്ഞ സാമ്പത്തിക വർഷം തന്നെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നിട്ടും ഫണ്ടിന്റെ അപര്യാപ്തതകൊണ്ട് ഭരണാനുമതി നൽകാതിരുന്ന സാഹചര്യം ആവർത്തിയ്ക്കാതിരിക്കുന്നതിന് ശ്രദ്ധചെലുത്തുമോ; സമയബന്ധിതമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ? | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ